**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3156** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോഴിച്ചെനയിൽ ടൂറിസം പ്രോജക്ട്, ഫയർ സ്റ്റേഷൻ എന്നിവയ്ക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കോഴിച്ചെനയിൽ ദേശീയപാതയുടെ ഭൂമിയിൽ നിന്ന് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് പൂർത്തീകരിച്ചതും പൂർത്തികരിക്കാനുള്ളതുമായ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട തെന്നല വില്ലേജിൽ കോഴിച്ചെന എന്ന സ്ഥലത്ത് കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 7.47 ഏക്കർ ഭൂമിയിൽ ഒരു ഏക്കർ ഭൂമി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന്, ടി സ്ഥലം വകുപ്പിന് കൈമാറി ലഭിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കാൻ കേന്ദ്ര പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറോട് അഭ്യർത്ഥിച്ചുവെങ്കിലും പ്രസ്തുത സ്ഥലം ദേശീയപാത അതോറിറ്റിയുടെ കൈവശമാണെന്ന മറുപടിയാണ് ലഭിച്ചത്. സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചാൽ മാത്രമേ ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ